

GOVT. VHSS(BHS). MANCHA. NEDUMANGAD
ദലങ്ങൾ
ഡിജിറ്റൽ മാഗസിൻ 2019-20

# Table of Contents

മധുരം......5
അപ്പുവിന്റെ അവധിക്കാലം......8
മാതൃത്വം......11
മുയലിന്റെ സൂത്രങ്ങൾ......12
സ്വരം......13
പൂച്ചയുടെ ആഗ്രഹം......14
ഉയർന്നീടാം......16
എന്റെ ചോദ്യങ്ങൾ......17
പ്രകൃതിശക്തി......18
അറിവ്......19
THE KIND BOY......20
ദാരിദ്ര്യത്തിന്റെ ലോകം......21
ചിത്രജാലകം......22

# ആശംസകൾ



ഗവ: വി എച്ച് എസ് എസ് (ബി എച്ച് എസ് ) നെടുമങ്ങാട് 2019-20 വർഷം സ്കൂൾ ലിറ്റിൽ കൈററ്സിന്റെ നേതൃത്വത്തിൽ തയ്യാറാക്കിയ ഡിജിറ്റൽ മാഗസിൻ വളരെ നിലവാരം പുലർത്തുന്ന സാഹിത്യ വിഭവങ്ങളുമായി ഇതാ നിങ്ങളുടെ മുന്നിൽ പ്രസിദ്ധീകരിക്കുന്നു. നമ്മുടെ കുരുന്നുകളുടെ ചിത്രരചനകൾ, കഥകൾ, കവിതകൾ തുടങ്ങി വിവിധ സാഹിത്യ കൃതികളാൽ സമ്പുഷ്ടമായ ഈ മാഗസിൻ അവതരണത്തിലും കെട്ടിലും മട്ടിലും പുതുമ പുലർത്തുന്നു. ഈ മാഗസിന്റെ നിർമാണത്തിന് അഹോരാത്രം പ്രവർത്തിച്ച എല്ലാ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും മാസ്റ്റർ ട്രെയ്നർക്കും എല്ലാവിധ ആശംസകളും നേരുന്നു.

റസീന.എം.ജെ.

ഹെഡ്മിസ്ട്രസ് .

# ആശംസകൾ



വിദ്യാർത്ഥികളുടെ സർഗാത്മക രചനകൾ ഉൾക്കൊള്ളുന്ന ഡിജിറ്റൽ മാഗസിൻ ഈ വർഷവും പ്രസിദ്ധീകരിക്കുകയാണ്.നമ്മുടെ പ്രതിഭകളുടെ തൂലികത്തുമ്പിൽ നിന്നും അടർന്നു വീണ മൊഴിമുത്തുകളും വർണങ്ങൾ വാരി വിതറുന്ന മനോഹര ചിത്രങ്ങളുമെല്ലാം ആസ്വാദനത്തിന്റെ വിവിധ തലങ്ങളിലേക്ക് നമ്മെ കൂട്ടിക്കൊണ്ടു പോകുന്നു. മാഗസിൻ പ്രസിദ്ധീകരണത്തിന് ചുക്കാൻ പിടിക്കുന്ന സ്കൂളിലെ കൈറ്റ്സ് അംഗങ്ങൾക്കും മറ്റു അധ്യാപകർക്കും എല്ലാവിധ ആശംസകളും നേരുന്നു.

ബിനുരാജ്.എസ്

പ്രിൻസിപ്പാൾ

# മധുരം

മഞ്ഞു മൂടിയ തണുത്ത പ്രഭാതം.ചെമ്പട്ടണിഞ്ഞ് ആദിത്യൻ തല കാണിച്ചു തുടങ്ങിയിട്ടേ ഉള്ളൂ. മാമ്പഴക്കാലമാണ്.എങ്ങും പഴുത്ത നാട്ടു മാങ്ങയുടെ മണം. തോട്ടിൻ കരയിലെ മുത്തശ്ശിമാവിൽ നിന്നും വീഴുന്ന പഴുത്ത നാട്ടു മാങ്ങാ തോട്ടിലെ പാറക്കെട്ടുകളിൽ തട്ടി തടഞ്ഞ് കിടക്കുന്നു.മറ്റു ചിലത് ആര് ആദ്യം ഒഴുകി അന്ത്യത്തിലെത്തും എന്ന മത്സരബുദ്ധിയോടെ ഒഴുകിപ്പോകുന്നു. പ്രഭാതത്തിൽ കുഞ്ഞിക്കുരുവികളുടെ സംഗീത വിരുന്ന് തകർത്തു നടക്കുന്നുണ്ട്.

മന്ത്ര എന്നത്തേയും പോലെ ചേച്ചിക്ക് മുമ്പേ മുത്തശ്ശി മാവിന്റെ സമ്മാനം വാങ്ങാൻ ഓടി.തലേ ദിവസം അത്താഴം കഴിക്കുമ്പോൾ അവൾ അമ്മയോട് പറഞ്ഞിരുന്നു."അമ്മേ ചേച്ചിക്ക് മുമ്പേ രാവിലെ എന്നെ ഉണർത്തണേ..."
അതുകൊണ്ടു തന്നെ ചേച്ചി നല്ല ഉറക്കത്തിലാണ്.ഇതുവരെ എണീറ്റിട്ടില്ല.ഇന്നലെ ചേച്ചിയാണ് ആദ്യം ഉണർന്നത് . അതുകൊണ്ടു തന്നെ തനിക്കു കിട്ടാറുള്ള മാമ്പഴത്തിന്റെ എണ്ണം ഇന്നലെ കാര്യമായി കുറഞ്ഞു. അതിന്റെ വിഷമം കൊണ്ടാണ് തലേന്ന് തന്നെ അമ്മയോട് പറഞ്ഞുറപ്പിച്ചുള്ള ഈ ഉണരൽ.

ഇന്ന് ചേച്ചിയെ തോൽപിക്കണം എന്ന മനസോടെ അവൾ കിടക്കവിരിയിൽ നിന്നും എണീറ്റ് നേരെ പുഴക്കരയിലേക്ക് ഓടി.പോകുന്ന വഴിക്ക് അവളുടെ ഓമന മുല്ല മൊട്ടിട്ടോ എന്ന് നോക്കാൻ അവൾ മറന്നില്ല. കഴിഞ്ഞ വർഷം ഉത്സവത്തിന് കാവിൽ പോയപ്പോൾ മുത്തശ്ശൻ അവൾക്കു വാങ്ങി കൊടുത്തതാണ് ആ മുല്ല.പക്ഷെ അടുത്ത കാവിലെ

ഉത്സവത്തിന് മുമ്പ് മുത്തശ്ശൻ അവളെ വിട്ടുപിരിഞ്ഞു പോയി.മുത്തശ്ശന്റെ ഓർമയാണ് മന്ത്രക്ക് ഓമന മുല്ല.

അങ്ങനെ പറമ്പിലൂടെ ചാലുകൾ കടന്നു കിതച്ചുകൊണ്ട് അവൾ പുഴക്കരയിലെ മുത്തശ്ശിമാവിനെ സ്പർശിച്ചു. പതിവിലും ഏറെ മാങ്ങയാണ് ഇന്ന് മുത്തശ്ശി മാവ് മന്ത്രക്ക് കാത്തുവച്ചിരുന്നത്. കിതപ്പ് മാറും മുമ്പേ അവൾ മാങ്ങകൾ പെറുക്കിയെടുക്കാൻ തുടങ്ങി.ചേച്ചി പിറകെ വന്നു തന്റെ മാങ്ങകൾ തട്ടിയെടുക്കും എന്ന ഭയമാണ് അവളെ വേഗത കൂട്ടാൻ പ്രേരിപ്പിച്ചത്.അങ്ങനെ മാങ്ങകൾ പെറുക്കിത്തീർന്ന് അവൾ നിവർന്നു നിന്നു.



അപ്പോഴാണ് ചേച്ചി കിതച്ചും കൊണ്ട് അവിടെ എത്തുന്നത്. അവൾ ചേച്ചിയെ നോക്കി ഒന്ന് ചിരിച്ചു. ഇന്നലെ തന്റെ മാങ്ങ നഷ്ടമാക്കിയതിനു പ്രതികാരമെന്ന പോലെ ഒരു വിജയ ഭാവത്തിലായിരുന്നു അവളുടെ ചിരി. ചേച്ചിയോടുള്ള സ്നേഹം കൊണ്ട് അവൾ ചേച്ചിക്ക് നേരെ കുറച്ചു മാങ്ങകൾ വച്ചുനീട്ടി. അവൾ ഇരുവരും പുഴക്കരയിൽ പ്രകൃതിയാൽ തീർത്ത കൽപ്പടിയിലിരുന്നു. പുഴവെള്ളത്തിൽ കുഞ്ഞു മാങ്ങകൾ മുക്കി കഴുകിയെടുത്തു

മാങ്ങയുടെ തുമ്പ് ചെറുതായി കടിച്ചു മുറിച്ചശേഷം വായിലേക്ക് ചേർത്തുപിടിച്ച് അതിന്റെ തേനൂറുന്ന നീര് ഉറുമ്പി കുടിക്കാൻ തുടങ്ങി. ...

പെട്ടെന്നാണ് മന്ത്ര ഓഫിസിലെ ബെൽ മുഴങ്ങുന്ന ശബ്ദം കേട്ട് ഞെട്ടിയുണർന്നത്. ഓഫിസിലെ കമ്പ്യൂട്ടറിലെ മനം മടുപ്പിക്കുന്ന ജോലികൾക്കിടയിൽ അവൾ എപ്പോഴോ ഉറങ്ങിപ്പോയിരുന്നു.ഉറക്കത്തിൽ നിന്നും ഉണർന്നെങ്കിലും ആ നാട്ടുമാങ്ങയുടെ മധുരം അവളുടെ നാവിൽ ഊറിക്കൊണ്ടിരുന്നു. ശരീരം മാത്രം ഓഫീസിലാക്കി അവളുടെ ആത്മാവ് മുത്തശ്ശിമാവിലെ മാങ്ങയുടെ മധുരം തേടിപ്പോയി........ ഇനി ഒരിക്കലും കിട്ടാത്ത മധുരത്തിനായി........

അൻസിയ. എൻ

II DBDO

# അപ്പുവിന്റെ അവധിക്കാലം

അപ്പുവിന് അടിച്ചുപൊളിക്കുവാനായി ഇത്രയും നാൾ ആഗ്രഹിച്ച സമയം അടുത്തെത്തി. വേനൽ അവധി..അവൻ അവന്റെ ഓരോരോ വിലപ്പെട്ട സമയവും ചിന്തിച്ചിരുന്നത് അവന്റെ നാടിനെപ്പറ്റി, നാട്ടാരെപ്പറ്റിയായിരുന്നു. ഓരോ അവധിക്കാലവും അവന്റെ സ്വപ്നങ്ങളായിരുന്നു. അവൻ ഇപ്പോൾ താമസിക്കുന്നത് അവന്റെ അച്ഛനമ്മയ്യൊപ്പം നഗരത്തിലാണ്. എന്നാലും അവൻ ആ വലിയ നഗരത്തിൽ ഒറ്റക്കാണ്. അവനെ നോക്കാനായി അവന്റെ പരിഷ്ക്കാരികളായ മാതാപിതാക്കൾ ആയയെ വച്ചിട്ടുണ്ട്. അഞ്ചു വയസു മാത്രം പ്രായമുള്ള അപ്പുവിനെ നോക്കാൻ അവർക്ക് സമയമില്ല. അവർക്ക് അവരുടെ ജോലിയാണ് പ്രധാനം.വേനലവധിയായാൽ അവർ അവനെ നാട്ടിലേക്കയക്കും. അവിടെ അവന്റെ മുത്തശ്ശനും മുത്തശ്ശിക്കും ഒപ്പമായിരിക്കും അവന്റെ വാസം. അവിടെ അവന് ആവശ്യത്തിലധികം സ്നേഹവും വാത്സല്യവും ലാളനയും സൗഹൃദങ്ങളുമൊക്കെ കിട്ടും. നഗരത്തിലെ തിരക്കേറിയ ജീവിതത്തിൽ നിന്ന് അവനു മോചനം കിട്ടുന്നത് അപ്പോഴാണ്.അപ്പുവിന് കൂടുതൽ അറിവുകളും കിട്ടുന്നത് അവിടെ നിന്നാണ്.

അങ്ങനെയിരിക്കെ ഒരു ദിവസം

അപ്പു: "അച്ഛാ,ഇത്തവണയും എന്നെ നാട്ടിലേക്കയക്കുമല്ലോ?"

അച്ഛൻ: "എനിക്ക് സമയമില്ല. നീ അമ്മയോട് ചോദിക്ക്"

അപ്പു: " അമ്മേ, ഈ തവണ എന്നെ നാട്ടിലേക്ക് വിടുമല്ലോ"

അമ്മ: " പറ്റില്ല. നിന്നെ ഞാൻ ക്യാംപിനു വിടും.അവിടെ ചെന്നാൽ നീ രണ്ടക്ഷരം പഠിക്കും. നാട്ടിൽ ചെന്നാൽ നീ ചീത്തക്കുട്ടിയാകും."

അപ്പുവിന് ഇതൊക്കെ കേട്ടപ്പോൾ നല്ല വിഷമമായി.

അവൻ അന്ന് ആരോടും ഒന്നും മിണ്ടിയതുമില്ല, കഴിച്ചതുമില്ല.അവസാനം അപ്പുവിന്റെ വാശിക്ക് മുമ്പിൽ അവർക്കു കീഴടങ്ങേണ്ടി വന്നു. സ്കൂളടച്ചു. പിറ്റേന്ന് തന്നെ അവനെ നാട്ടിലേക്കയച്ചു.

നിശബ്ദമായി കിടക്കുന്ന കൊച്ചു ഗ്രാമത്തിൽ ഇളം കാറ്റിൽ ആടിയുലയുന്ന കൊച്ചു മരങ്ങൾ, ചെടികൾ, നിറഞ്ഞൊഴുകുന്ന പുഴകൾ, വെള്ളച്ചാട്ടങ്ങൾ, കാറ്റിൽ വ്യാപിക്കുന്ന മാമ്പഴത്തിന്റെ സുഗന്ധം എല്ലാമെല്ലാം അവൻ നന്നായി ആസ്വദിച്ച്. മുത്തശ്ശനും മുത്തശ്ശിയും അവനു ഇഷ്ടപ്പെട്ട ഭക്ഷണമുണ്ടാക്കി വയറു നിറച്ചു അവനു വാരിക്കൊടുത്തു..എന്നിട്ട് അവൻ ഗ്രാമത്തിലെ കൂട്ടുകാരുമായി കളിക്കുവാൻ പോയി. കുട്ടികളിൽ ഒരുവൻ ആടിനെയും അതിന്റെ കുട്ടികളെയും മേയ്ക്കുന്നു കണ്ട് അപ്പുവും അവനോടൊപ്പം കൂടി.കണ്ണിൽക്കണ്ട മരങ്ങളിൽ വലിഞ്ഞുകയറിയും പാളയിൽ  നിറങ്ങിക്കളിച്ചും മാമ്പഴം പറിച്ചു തിന്നും അവൻ അവരോടൊപ്പം കൂടി.



അപ്പോൾ അപ്പുവിന് ഒരാഗ്രഹം ആടിനെ മേയ്ക്കണമെന്ന്. ആദ്യമാദ്യം കുട്ടികൾ അതിനു സമ്മതിച്ചില്ല. പക്ഷെ അപ്പുവിന്റെ വാശിക്ക് മുന്നിൽ അവർക്കു കീഴടങ്ങേണ്ടി വന്നു.അവർ ആടിനെ കെട്ടിയ കയർ അപ്പുവിന് കൊടുത്തു. അവൻ

അതും പിടിച്ചു കൊണ്ട് കുറെ ദൂരം നടന്നു. പെട്ടെന്ന് ആട് ഓടിത്തുടങ്ങി. അപ്പുവിനെയും വലിച്ചുകൊണ്ട് ആട് പറയിടുക്കിലൂടെയും കുന്നിലൂടെയും എല്ലാം ഓടി. അടി തെറ്റി അപ്പു വീണു. അവന്റെ ദേഹമാസകലം മുറിവേറ്റു.

കുട്ടികൾ എല്ലാവരും ചേർന്ന് അപ്പുവിനെ വാരിയെടുത്തു വീട്ടിലെത്തിച്ചു.മുത്തശ്ശനും മുത്തശ്ശിയും പേടിച്ചുപോയി. അവർ അവന്റെ മുറിവിൽ ഔഷധ സസ്യങ്ങൾ വച്ചുകെട്ടി. മുറിവു വലിയ സാരമുള്ളതായിരുന്നില്ല. അതുകൊണ്ടു തന്നെ പിറ്റേ ദിവസം അവൻ കുട്ടികളോടൊപ്പം വീണ്ടും കളിയ്ക്കാൻ പോയി. പക്ഷെ അവന്റെ കൂട്ടുകാർ ആരും അവനെ കളിയ്ക്കാൻ സമ്മതിച്ചില്ല. അതുകൊണ്ട് അവൻ ഒരു വലിയ മരച്ചുവട്ടിൽ ഊഞ്ഞാലിൽ ഇരുന്നാടി.

**അ**വനേറ്റ മുറിവുകളൊന്നും വലിയ വേദനയുള്ളതായി അവനു തോന്നിയില്ല. വീട്ടിലാണെങ്കിൽ കളിക്കാരില്ലാത്തതിനാൽ സാധാരണ മുറിവുകളൊന്നും പറ്റാറില്ല. മണ്ണിൽ കളിയ്ക്കാൻ അച്ഛനോ അമ്മയോ സമ്മതിക്കാറില്ല. ഇവിടെ അത്തരം നിയന്ത്രണങ്ങൾ ഒന്നും തന്നെയില്ല. ആവോളം കളിക്കാം സന്തോഷിക്കാം .അതുകൊണ്ട് തന്നെ തന്നെ വേദനകളൊന്നും അപ്പുവിന് സരമുള്ളതല്ല.  അതുകൊണ്ടു തന്നെ ഗ്രാമത്തിലുള്ള ഓരോ നിമിഷവും അവനു പ്രിയപ്പെട്ടതും വിലപ്പെട്ടതുമാണ്. ഒരിക്കലും ഈ ഗ്രാമത്തിൽ നിന്നും തിരിച്ചു പോകാൻ അവൻ ആഗ്രഹിക്കുന്നില്ല..ഈ വേനലവധി ഒരിക്കലും തീരരുതേ എന്ന് മാത്രമാണവന്റെ പ്രാർത്ഥന.

അമീന.എ
II OFT

# മാതൃത്വം



എത്ര തിരിച്ചങ്ങു സ്നേഹം കൊടുത്താലും
തീരില്ല  മാതൃത്വത്തിന്റെ കടമകൾ
ജീവിത കാലയളവുകൾ മുഴുവൻ ചെയ്താലും
തീരില്ല മാതൃത്വത്തിനോടുള്ള കടമകൾ
അത് പ്രകൃതിയുടെ സത്യം
പ്രകൃതിയുടെ ധർമം
ആയിരം വർഷങ്ങൾ എടുത്താലും തീരില്ല
ആയോരം ജന്മങ്ങൾ ചെയ്താലും തീരില്ല
മാതൃത്വമെന്നൊരു സത്യം
അത് ലോകാന്ത്യം വരെയും
ജീവന്ത്യം വരെയും
തുടരുമത് പ്രകൃതിയുടെ ധർമം
അത് മറക്കുന്നവർ ജീവജാലങ്ങളൊന്നുമല്ല
അവർ ദുഷ്ടതയുടെ അടയാളമാകുന്നു.

# മുയലിന്റെ സൂത്രങ്ങൾ

ഒരു ചെറിയ കാടിന് നടുവിൽ ഒരു ആശ്രമം. ആ കാട്ടിൽ ഒരു ആനക്കുട്ടനും അവന്റെ സുഹൃത്തുക്കളും ഉണ്ടായിരുന്നു.എല്ലാ പ്രതിസന്ധികളിലും തളരാതെ അവർ ഒരുമിച്ച് മുന്നേറി.മനുഷ്യരുടെ ആക്രമണം കാരണം അവർ പലപ്പോഴും വലഞ്ഞു. അപ്പോഴൊക്കെ അവരെ രക്ഷിച്ചിരുന്നത് ബിദ്ധിമാനായ ഒരു മുയൽ ആയിരുന്നു.



ഒരിക്കൽ സുഹൃത്തായ മുയലിനെ കാണാൻ അവർ എത്തിയ വഴിയിൽ വച്ച് ഒരു ആനക്കുട്ടൻ വേട്ടക്കാരന്റെ കെണിയിൽ വീണു.മുയൽ അവിടെ എത്തിയപ്പോൾ വേട്ടക്കാരനും അവിടെ എത്തിയിരുന്നു.

ബുദ്ധിമാനായ മുയൽ ആനക്കുട്ടനെ രക്ഷിക്കാനായി ഒരു കല്ലെടുത്ത് വേട്ടക്കാരന്റെ എതിർവശത്തേക്ക് എറിഞ്ഞു.വേട്ടക്കാരൻ ആ ശബ്ദം കേട്ട് അങ്ങോട്ട് ഓടി. ഈ സമയം മുയൽ മറ്റുള്ളവരുമായി ചേർന്ന് ആനക്കുട്ടനെ കുഴിയിൽനിന്നും രക്ഷിച്ചു. ഓടിത്തളർന്ന ഒരു മൃഗത്തെയും കിട്ടാത്ത സങ്കടത്തിൽ തിരിച്ചുവന്നപ്പോൾ കെണിയിൽകിടന്ന ആനക്കുട്ടനെ കാണാനില്ല.

ദേഷ്യം വന്ന അയാൾ ആനക്കുട്ടനെ തേടി കാട്ടിലൂടെ തലങ്ങും വിലങ്ങും ഓടി..ആനയുടെ ചിന്നംവിളി കേട്ട് ഓടിവന്ന വേട്ടക്കാരൻ അവിടെ ഉണ്ടായിരുന്ന ഒരു കുഴിയിൽ വീണു. യോ...യോ ആനക്കുക്കുട്ടന്മാർ സന്തോഷം കൊണ്ട് വിളിച്ചു കൂവി. അതിനു ശേഷം ഒരു വേട്ടക്കാരനും ആ കാട്ടിലേക്ക് കടന്നുവന്നിട്ടില്ല.

ആനക്കുട്ടന്മാരും മുയലുകളും മറ്റു മൃഗങ്ങളുമെല്ലാം പിന്നീട് ആ കാട്ടിൽ സന്തോഷത്തോടെ കളിച്ചു നടന്നു

# സ്വരം



കടലിന്റെ സ്വരങ്ങൾ തിരമലയാകുന്നു
സസ്യത്തിൻ സ്വരങ്ങൾ കാറ്റിന്റെ സ്വരമാകുന്നു.
പ്രകൃതിയുടെ സ്വരങ്ങൾ പക്ഷിയുടെ
സ്വര നാദമായ്  മാറുന്നു
എല്ലാത്തിനും സ്വരമുണ്ട്
അവയുടെ രീതിയിൽ സ്വരമുണ്ട്
പലനാദത്തിൽ അത് വന്നു പിരിയുന്നു
നാമറിയാതെ നമ്മളറിയാതെ
അവർ പല രീതിയിൽ സ്വരനാദമെയ്യുന്നു

അഭിലാഷ്. വി.എസ്
9A

# പൂച്ചയുടെ ആഗ്രഹം



ഒരിടത്തൊരിടത്ത് ഒരു വീട്ടിൽ ഒരു കുഞ്ഞു പൂച്ച ഉണ്ടായിരുന്നു.ആ പൂച്ചയ്ക്ക് പുറത്തു എന്ത് നടക്കുന്നുവെന്ന് അറിയില്ല. അത് വീട്ടിനുള്ളിൽ തന്നെ ഭക്ഷണം കഴിച്ചു മദിച്ചു കഴിഞ്ഞു. അപ്പോഴാണ് അതിന്റെ മനസ്സിൽ ഒരു ആഗ്രഹമുണ്ടായത്. ഈ പ്രപഞ്ചം മുഴുവൻ കാണണമെന്ന്. മാത്രമല്ല ഈ ലോകത്തിന്റെ രാജാവാകണമെന്നും അതിനു ആഗ്രഹമുണ്ടായി.

പൂച്ച ഒരു ദിവസം ആരും കാണാതെ വീടുവിട്ടിറങ്ങി. എന്നിട്ടു നടന്നു നടന്നു പലതരം ജീവികളെ കണ്ടു. ആദ്യം കണ്ടത് ഒരു എലിയെ ആണ്.ആ എലിയെ പൂച്ച ഉപദ്രവിച്ച് കൊന്നു.അപ്പോൾ പൂച്ച വിചാരിച്ചു താനാണ് ഈ ലോകത്തിലെ ശക്തൻ എന്ന്. കുറേക്കൂടി നടന്നപ്പോൾ പൂച്ച ഒരു ചെറിയ പാമ്പിനെ കണ്ടു. അതിനോടും യുദ്ധം ചെയ്ത് പ്രയാസപ്പെട്ട് പാമ്പിനെയും കൊന്നു.അപ്പോഴേക്കും തൻ ശക്തനാണെന്ന് ഉറപ്പിച്ചു കഴിഞ്ഞ പൂച്ച നടന്നു നടന്നു കാട്ടിലെത്തി. കാട്ടിലെത്തിയപ്പോൾ അവൻ ഒരു ആനയെക്കണ്ടു. ആന ദൂരെക്കൂടി നടന്നു പോവുകയാണ്. ആനയോട് യുദ്ധം ചെയ്യാനായി പൂച്ച ഓടിച്ചെന്നു. പക്ഷെ ആന ഇതറിഞ്ഞില്ല. അറിയാതെ പൂച്ചയെ ചവിട്ടി. അങ്ങനെ ആ പൂച്ചയുടെ കഥ കഴിഞ്ഞു. ഇതൊന്നുമറിയാതെ ആന നടന്നു പോകുകയും ചെയ്തു.

# ഉയർന്നീടാം

പറന്നുയരൂ കുട്ടികളെ പറന്നുയർന്നീടാം
നന്മക്കായി സ്വപ്നം കാണൂ
സത്യത്തിനായി പ്രയത്നിക്കൂ
നന്മയിൽ സ്വപ്നം ജീവിതമാക്കൂ
ഭയാനക സ്വപ്നം മറന്നിട്ടു
പറന്നുയരൂ നിങ്ങൾ
അറിവുകളിലേക്കു പറന്നുയരൂ
ജീവിതത്തിന്റെ ഉയരങ്ങളിലേക്ക്
പറന്നുയരൂ നിങ്ങൾ
ജീവിതയാത്രയിൽ പറന്നുയരൂ
നിങ്ങൾ
പറക്കൂ പറക്കൂ പറക്കൂ നിങ്ങൾ
ജീവിതയാത്രയിൽ പറന്നുയരൂ നിങ്ങൾ



അഭിലാഷ്. വി.എസ്
9A

# എന്റെ ചോദ്യങ്ങൾ



ഈ ലോകം ആരുടെ സൃഷ്ടി
ഈ ലോകം ആരുടെ ശക്തി
ഈപ്രപഞ്ചം ആരുടെ സൃഷ്ടി
ഈ പ്രപഞ്ചം ആരുടെ ശക്തി
അന്നെങ്ങനെ സൂര്യൻ പിളർന്നു
എന്നെങ്ങനെ മേഘമുണ്ടായി
സത്യത്തിൽ ആകാശം തൊട്ടവരുണ്ടോ
ഒന്ന് തോട്ടുവരാനായി കഴിയുമോ മനുഷ്യ
എവിടെയാണകാശം അവസാനിക്കുന്നത്
ചൊല്ലൂ
അന്നെങ്ങനെ സൂര്യൻ തിളച്ചു
ഈ ലോകം ആരുടെ സൃഷ്ടി
ഈ ലോകം ആരുടെ ശക്തി
പറയൂ പറയൂ പറയുക നിങ്ങൾ
ലോകത്തിൻ പല ശക്തികളേ

അഭിലാഷ്. വി.എസ്
9A

# പ്രകൃതിശക്തി

പല ജീവജാലങ്ങൾ വിളയാടും ഭൂമിയിൽ
പലതിനും ഓരോരോ ശക്തികൾ
എന്തെന്നറിയില്ല ഏതെന്നറിയില്ല
എന്തോ ഉണ്ടീ ഭൂമിയിൽ സംരക്ഷണത്തിനായി




വർഷങ്ങൾ തോറും പ്രകൃതിയിൽ തന്നെ
പല പല ദുരന്തങ്ങൾ ഉണ്ടാകുന്നു.
പ്രകൃതിയെ രക്ഷിക്കാൻ പ്രകൃതി തന്നെ
ഉണ്ടാക്കുന്നതാണോ എന്നറിയില്ല
എന്തുതന്നെയായാലും പ്രപഞ്ചത്തിൽ
പലപല ദുഃഖങ്ങൾ
ഉണ്ടായിക്കൊണ്ടേയിരിക്കുന്നു.
ഏതോ ഒരു ശക്തി ഉണ്ടീ പ്രപഞ്ചത്തിൽ
പ്രപഞ്ചത്തിന് സംരക്ഷണത്തിനായ്

അഭിലാഷ്. വി.എസ്
9A

# അറിവ്

എത്തിപ്പിടിക്കാൻ കഴിയാത്തൊരു പക്ഷിയാണറിവ്
നീന്തിയാലും നീന്തിയാലും  കടലാണറിവ്.
നടന്നാലും നടന്നാലും തീരാത്ത കടലാണറിവ്.
എടുത്താലും എടുത്താലും പൊങ്ങാത്ത ഭരണമാണറിവ്
എത്ര ശ്രമിച്ചാലും അറിഞ്ഞു തീരില്ല ആ അറിവിൻ സമുദ്രം.



അറിയുംതോറും ആഴങ്ങൾ കൂടുന്നു
ഭാരങ്ങൾ കൂടുന്നു
ഒരിക്കലും അറിഞ്ഞു തീരാൻ കഴിയില്ല
ഒരു ചെറു അറിവിൻ സമുദ്രം പോലും
മരിച്ചാലും മരിച്ചാലും തീരില്ല
അറിവിൻ മഹാസമുദ്രം
നിസാരമായ് കരുതുന്നതൊന്നു  പോലും
പൂർണ്ണമായറിയുവാൻ സാധ്യമല്ല.
അറിവിന്റെ ചരടുകൾ നീളുന്നു വലിയുന്നു
ചെറുക്കാൻ കഴിയാത്ത വേഗത്തിൽ പായുന്നു.,
ഒരിക്കലും തീരില്ല അറിവിൻ സമുദ്രം.

അഭിലാഷ്. വി.എസ്

# *THEKINDBOY*

Unce upon a time there lived a family. Rahul, Mother and his father. Rahul was twelve years old and his mother was too old and not enough money. Rahul's father died of cancer. So they have no enough money to pay the school fees. Rahul was a blind boy. His desire was to see his mother and the world. Everyday he is saying the same word to his mom.

Everyday he went to school. His master is very proud and lovely to him because of his behaviour.

One day master said to Rahul "Rahul, Whatis your dream?" Rahul said " My dream is to see my mom and the world. But I am blind and my mom said to me we have to spend three lakhs for the treatment of my blindness. We have only one lakh. We need again two lakhs. So master we need to get two lakhs".



"Its okay Rahul, dont be sad. I will spend two lakhs for your treatment." Rahul was very happy to hear this. He informed all the matter to his mother. She was extremely happy to hear this.

Today is Rahul's operation. It will take about five hours. They were all having tension. Anyway the operation was successful. His mom became very happy, her dream come true. She expressed her thanks to the master and Rahul became very happy to see his mom.

Muhammed.k
8B

# ദാരിദ്ര്യത്തിന്റെ ലോകം

നമ്മുടെ ഈ ഇന്ത്യ മഹാരാജ്യത്ത് ഭൂരിഭാഗം പേരും ദാരിദ്ര്യത്തിന്റെ കെട്ടുതികൾ അനുഭവിക്കുന്നവരാണ്.നമ്മുടെ കേരളത്തിലെ സ്ഥിതിയും വ്യത്യസ്തമല്ല. സമ്പന്നതയുടെ കൊടുമുടിയിൽ നിൽക്കുന്ന ഒരാൾ ദാരിദ്ര്യത്തിലേക്ക് കൂപ്പുകുത്താൻ അധിക സമയം വേണ്ട. നമ്മുടെ അനുഭവങ്ങൾ തെളിയിക്കുന്നത് അതാണ്.




ഒരു പ്രളയമോ ഭൂകമ്പമോ കാറ്റോ ഒക്കെ മതി ഇല്ലായ്മ എന്താണെന്നു മനസിലാക്കാൻ. ഒരുപാടു പേരുടെ സ്വപ്നങ്ങളും പ്രതീക്ഷകളുമെല്ലാം ഒരു നിമിഷം കൊണ്ട് തകർന്നടിയുന്നത് നിസഹായരായി നോക്കി നില്ക്കാൻ മാത്രമേ നമുക്കാകൂ. അതിനാൽ നമ്മുടെ സമൃദ്ധിയിൽ നാം മറ്റുള്ളവർക്കും ഉപകാരമുള്ള കാര്യങ്ങൾചെയ്യാൻ താല്പര്യമുള്ളവരായിരിക്കുക. ഒരു നേരത്തെ ഭക്ഷണത്തിന് ബുദ്ധിമുട്ടുന്നവരെ കണ്ടില്ലെന്നു നടിക്കാതിരിക്കുക. നാളെ ഈ ഗതി നമുക്കും വന്നുകൂടായ്കയില്ല. അതിനാൽ സമ്പത്തിൽ അഹങ്കരിക്കരുത്.

തൗഫീഖ്. എസ്

8A

# ചിത്രജാലകം



വിഷ്ണു സുരേഷ്




Yaseen · IX


Hari. S. Krishnan








Adil - S
VIII - B
Roll No - 5




SALMon


Ajith. A


Abinu.A.S
VIII B


AMAL-N.S

# നന്ദി

## എല്ലാ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും

## SPECIAL THANKS

**അൽത്താഫ്**

**ഹരി. എസ്. കൃഷ്ണൻ**

## കവർപേജ് ഡിസൈൻ

**അജിത്**

**അമൽ. എൻ.എസ്**

**ആദിൽ. എൻ.എസ്**